entri

# Current affairs 19 Nov 2025

- **ദേശീയോദ്ഗ്രഥന ദിനം**

  നവംബർ 19

  മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ജന്മദിനമാണ് രാജ്യം ദേശീയോദ്ഗ്രഥന ദിനമായി ആചരിക്കുന്നത്.
  ജവഹർലാൽ നെഹ്രുവിന്റെയും കമല നെഹ്രുവിന്റേയും മകളായി 1917 നവംബർ 19നാണ് ഇന്ദിരാഗാന്ധി ജനിച്ചത്.

---

- **വെർജീനിയയുടെ ലെഫ്. ഗവർണറായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ വംശജ**

  ഗസാല ഹാഷ്മി

---

- **2025 നവംബറിൽ വിജയകരമായി വിക്ഷേപിച്ച ഇന്ത്യയുടെ ഏറ്റവും ഭാരമേറിയ വാർത്താവിനിമയ ഉപഗ്രഹം**

  സിഎംഎസ്-03
  - ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നായിരുന്നു വിക്ഷേപണം.
  - വിക്ഷേപണ വാഹനം - ലോഞ്ച് വെഹിക്കൽ മാർക്ക് 3-M5 (ബാഹുബലി)
  - ഇന്ത്യൻ കര ഉൾപ്പെടെയുള്ള വിശാലമായ സമുദ്രമേഖലയിൽ സേവനങ്ങൾ നൽകുന്ന ഒരു മൾട്ടി-ബാൻഡ് കമ്മ്യൂണിക്കേഷൻ ഉപഗ്രഹമാണ് സിഎംഎസ്-03.

---

- **2025-ലെ ഏഷ്യ-പസഫിക് ഇക്കണോമിക് കോ-ഓപ്പറേഷൻ (അപെക്) ഉച്ചകോടിക്ക് വേദിയാകുന്ന രാജ്യം**

  ദക്ഷിണകൊറിയ

---

- **കേരളത്തിൽ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും റെയിൽവേ പോലീസ്, ലോക്കൽ പോലീസ്, ആർപിഎഫ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്ന സുരക്ഷാ പരിശോധന**

  ഓപ്പറേഷൻ രക്ഷിത


ഇന്ദിരാഗാന്ധി


ഗസാല ഹാഷ്മി






4.8 ★ Download the app now | Learn in Malayalam